# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെര്റി.എം.പി5/403/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകച്ചാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെര്റി.എം.പി5/403/23 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ,ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജിഷ കിരൺ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അജയകുമാർ പി | സെക്രട്ടറി | 01-04-2021 | 18-06-2021 |
| ശ്രീ റോയി കെ ജോർജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2021 | 04-07-2021 |
| ശ്രീമതി ബീമ എം | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രശ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 14-12-2021 |
| ശ്രീമതി.അമിതാമോൾ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-12-2021 | 31-03-2022 |
| ശ്രീമതി സിന്ധു പി ജി | ഐ സിഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ റോയി കെ ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ സുജ എം ചാക്കോ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ജയശ്രീ കെ എൻ | മെഡിക്കൽഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ.അനുപമ | മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ ബ്രിജിത്ത് സി കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ചാന്ദിനി പി ബി | കൃഷി ഓഫീസർ | 01-04-2021 | 10-11-2021 |
| ശ്രീ.എൽദോ മാർക്കോസ് | കൃഷി ഓഫീസർ | 11-11-2021 | 31-03-2022 |
| ശ്രീമതി ഷൈല ഇ | വി.ഇ.ഒ ( കറുകച്ചാൽ , ചമ്പക്കര സർക്കിൾ ) | 01-04-2021 | 21-10-2021 |
| ശ്രീ.മഹേഷ് ബാലചന്ദ്രൻ | വി.ഇ.ഒ ( കറുകച്ചാൽ , ചമ്പക്കര സർക്കിൾ ) | 22-10-2021 | 22-10-2021 |
| ശ്രീ.സുബിൻ കെ ബാബു | വി.ഇ.ഒ ( കറുകച്ചാൽ , ചമ്പക്കര സർക്കിൾ ) | 23-10-2021 | 20-11-2021 |
| ശ്രീ.സജിത്ത് കെ ഇബ്രാഹിം | വി.ഇ.ഒ ( കറുകച്ചാൽ , ചമ്പക്കര സർക്കിൾ ) | 21-11-2021 | 01-12-2021 |
| ശ്രീ.മഹേഷ് ബാലചന്ദ്രൻ | വി.ഇ.ഒ ( കറുകച്ചാൽ , | 02-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ചമ്പക്കര സർക്കിൾ ) | | |
| ശ്രീമതി സിന്ധ്യ തെരേസ മൈക്കിൾ | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജന സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ശ്രീമതി ദിവ്യാമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ശ്രീ.കണ്ണൻ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാതിൽപ്പടി രസീത് ബുക്കുകളുടെ ഉപയോഗം - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-11 |
| 12 | വസ്തു നികുതി നിർണ്ണയം- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. | 1-12 |
| 13 | പൂർത്തീകരിച്ച ബഹുനില ഹോട്ടലിന്റെ ഉപയോഗിക്കുന്ന ഭാഗങ്ങൾക്ക് മുഴുവനായും വസ്തുനികുതി ചുമത്തിയിട്ടില്ല. | 1-13 |
| 14 | ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിച്ചില്ല | 1-14 |
| 15 | വസ്തുനികുതിയിനത്തിൽ 1272600 രൂപ കുടിശ്ശിക | 1-15 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 17 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ | 1-17 |
| 18 | വാടക-ഭീമമായ തുക സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 19 | തനത് ഫണ്ടിൽ സൂക്ഷിക്കുന്ന ബാരൽ വില സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-19 |
| 20 | ഇ ടെണ്ടർഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-20 |
| 21 | വാട്ടർചാർജ് -സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-21 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ- സർക്കാർ നിർദേശം പാലിച്ചില്ല | 1-22 |
| 23 | മിനി-സിവിൽസ്റ്റേഷൻ കോംമ്പൗണ്ടിലെ പഞ്ചായത്ത് കെട്ടിടത്തിൽ ഒന്നാംനില നിർമ്മാണം - കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-23 |

| | | |
|---|---|---|
| 24 | ഹരിത കർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരിശീലനം നൽകിയത് - വിശദാംശങ്ങൾ ലഭ്യമല്ല | 1-24 |
| 25 | നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി പെതുമാർക്കറ്റ് നവീകരണം തുടർനടപടികളിൽ കാലതാമസം | 1-25 |
| 26 | കുന്നപ്പള്ളി കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 27 | ജൽ ജീവൻ മിഷൻ -തുടർപ്രവർത്തനം സംബന്ധിച്ച് | 1-27 |
| 28 | മത്സ്യകൃഷി - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല | 1-28 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1-29 |
| 30 | ലൈഫ്- ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ | 1-30 |
| 31 | സി.എഫ് .എൽ .റ്റി.സി/ഡി.സി.സി -നടത്തിപ്പ് | 1-31 |
| 32 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 25 .03.2022ലെ 3(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 12189602 | 17708262.55 |
| വരവ് | 142739000 | 79977082 |
| ആകെ | 154928602 | 97685344,55 |
| ചെലവ് | 149283158 | 74133340 |
| നീക്കിയിരിപ്പ് | 5645444 | 23552004.55 |

ബജറ്റ് പ്രകാരം 14.27കോടി രൂപയുടെ പ്രതീക്ഷിത വരവും, 14.92 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 24.4 കോടി രൂപയും ചെലവ് 24.1 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 22.06.2022 ലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 17708262.55 രൂപയും തൻവർഷ വരവ് 79977082 രൂപയും -തൻവർഷചെലവ് 74133340 രൂപയും വർഷാവസാന നീക്കിയിരിപ്പ് 23552004.55യും ആകുന്നു. 2021-22 തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 24.4 കോടി രൂപയും ആകെ ചെലവ് 24.1 കോടി രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3)B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) B -9 ഷെഡ്യൂളിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

6) I-18 പട്ടികയിലെ വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7) ബാലൻസ് ഷീറ്റിൽ സൂചിപ്പിച്ചിരിയ്ക്കുന്ന ഡി& ഒ കുടിശ്ശിക തുകയുടെ കൃത്യത വ്യക്തമല്ല.

8) . B-4 ഷെഡ്യൂളിലെ ICDS എന്ന ഹെഡിൽ 866,626 രൂപ അവശേഷിക്കുന്ന . എന്നാൽ RP-40(b) യിൽ ICDS എന്ന ഹെഡിൽ 879119 രൂപ മാത്രമാണ് ഉള്ളത് . 12493രൂപയുടെ വ്യത്യാസം പ്രതിഫലിക്കുന്നു.

9) B9 പട്ടികയിലെ 40606 രൂപയുടെ സ്റ്റെയിൽ ചെക്കിന്റെ വിശദാംശം ഓഡിറ്റിനു ലഭ്യമാക്കിയില്ല.

10. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 4-3ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17708262.55 |
| ഓഡിറ്റ് വർഷത്തെ വരവ് | 79977082 |
| ആകെ | 97685344.55 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 74133340 |
| നീക്കിയിരിപ്പ് | 23552004.55 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45854674 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12448913 | 12448913 | 12188994 | 259919 | 97 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7224727 | 7224727 | 6358000 | 866727 | 88 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 29900 | 29900 | 0 | 29900 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14299550 | 14299550 | 13529611 | 769939 | 94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5202519 | 5202519 | 3637184 | 1565335 | 69 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 3019623 | 3019623 | 1303806 | 1715817 | 43 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 5955476 | 5955476 | 4063739 | 1891737 | 68 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 1005293 | 543495 | 1548788 | 682162 | 866626 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 2084607 | 0 | 2084607 | 713377 | 1371230 | |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2323032/-രൂപ, 223768/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ

വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

- 31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം എസ്.സി.പി , റ്റി എസ് പി, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്), മെയിന്റനൻസ് ഗ്രാന്റ് (റോഡ്) എന്നീ ഇനങ്ങളിൽ യഥാക്രമം 866727 രൂപ, 29900 രൂപ, 349200 രൂപ, 9550 രൂപ വീതം അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ അലോട്ട് ചെയ്ത തുക യഥാർത്ഥത്തിൽ പഞ്ചായത്തിൽ വരവായി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത തുക പഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയ്യാറാക്കിയിരിക്കുന്നത്). വികസനഫണ്ട് പൊതുവിഭാഗത്തിൽ 259913 രൂപ യഥാർത്ഥത്തിൽ പഞ്ചായത്തിൽ വരവായി ലഭിച്ചിട്ടില്ല എങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിഗണിച്ചാൽ വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി എന്നിവയിൽ 100 % ശതമാനം തുകയും പഞ്ചായത്തിന് ചെലവഴിക്കാൻ കഴിഞ്ഞു .

വികസന ഫണ്ട്, കേന്ദ്ര-സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷികപദ്ധതിക്ക് 20.06.2021ലെ 2(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 2.06.2021ലെ ഉത്തരവ് നം.818981/21 /DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 27.01.2021ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തു. പദ്ധതിരൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 27.01.2021 |
| വർക്കിംഗ് ഗ്രൂപ്പ്യോഗം | 30.01.2021 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 08.02.2021 |
| വികലാംഗ ഗ്രാമസഭകൾ, ഊരുകൂട്ടം | 16.02.2021, 20.02.2021 |
| വികസനസെമിനാർ | 20.02.2021 |

വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ആകെ 221 പ്രോജക്കുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 177 പ്രോജക്കുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധഫണ്ടിനങ്ങളിലായി ആകെ 108673614 രൂപ വകയിരുത്തിയതിൽ 50674552 രൂപ മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 47 ശതമാനം മാത്രമാണ്.

| അംഗീകാരം ലഭിച്ച പ്രോജക്കുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്കുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 221 | 177 | 108673614 | 50674552 | 47 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 1190000 | 642042 | 54 |
| വെറ്ററിനറി സർജൻ | 7 | 7 | 3335000 | 1708750 | 51 |
| മെഡി.ഓഫീസർ, പി.എച്ച്.സി | 2 | 2 | 497041 | 449908 | 91 |
| മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡി.ഓഫീസർ, ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| ഫിഷറീസ് സബ് ഇൻസ് പെക്ടർ | 2 | 2 | 783000 | 96567 | 12 |
| വി.ഇ.ഒ- | 12 | 12 | 45306156 | 9710325 | 21 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 12 | 10 | 6415985 | 4943666 | 77 |
| സെക്രട്ടറി | 54 | 41 | 14500406 | 8771422 | 61 |
| അസി.എൻജിനീയർ | 111 | 87 | 31116626 | 21026911 | 68 |
| ക്ഷീരവികസന ഓഫീസർ | 3 | 3 | 2000000 | 1450000 | 72 |
| അസി.സെക്രട്ടറി | 9 | 5 | 3079400 | 1424961 | 47 |
| ആകെ | 221 | 177 | 108673614 | 50674552 | 47 |

അസി.എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 111 പ്രോജക്ടുകളിൽ 28 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ആയതിൽ സ്പിൽ ഓവർപ്രോജക്ടുകൾ ഉൾപ്പെടെ 87 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും തൃപ്തികരമായരീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. റോഡ് വർക്കുകളിൽ ഒരേ റോഡ് തന്നെ ചെറിയ റീച്ചുകളായി വിഭജിച്ച് ഓരോന്നിനും പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് ടെൻഡർനടപടികളും പ്രത്യേകമായി നടത്തപ്പെടുന്നതിനാൽ കൂടുതൽ സമയവും മനുഷ്യദിനങ്ങളും നഷ്ടമാകുന്ന സാഹചര്യമാണുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം

ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-2022 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച 143 പ്രോജക്ടുകളിൽ, 74 എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 46794 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 616 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, ആട്ടിൻ കൂട്, പന്നിക്കൂട്, തൊഴുത്ത് നിർമ്മാണം, തടയണ നിർമ്മാണം, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-2022 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 9,424/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 1,89,91,874/- | |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 5,01,261/- | |
| ആകെ വരവ് | | | 1,95,02,559/- |
| ചെലവ് | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 14,11,379/- | |
| | അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം, സാധന വില | 1,75,80,495/- | |
| | ഭരണ ചെലവുകൾ | 4,98,289/- | |
| ആകെ ചെലവ് | | | 1,94,90,163/- |
| നീക്കിയിരിപ്പ് | | | 12,396/- |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16320 | 8 |
| വാർദ്ധക്യകാല പെൻഷൻ | 32045700 | 2130 |
| കർഷക തൊഴിലാളി പെൻഷൻ | 3433000 | 214 |
| വിധവ പെൻഷൻ | 116884100 | 768 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 434900 | 28 |
| വികലാംഗ പെൻഷൻ | 3467900 | 226 |
| വിധവകളുടെ | 120000 | 4 |

| | | | |
|---|---|---|---|
| | പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | |

1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 07/03/2023-ന് 03.00 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 82450/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവായ ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു. 1.04.2022മുതൽ ILGMS സംവിധാനമാണ്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണമുള്ളതിനാൽ അപാകതകളില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവ് വെക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടെയും പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുമുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACR സൂക്ഷിക്കുന്നില്ല. സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/07/2022 | 01/21 To 03/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/08/2017- 28/08/2017 | 2012-13 മുതൽ 2016-17 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/8A- 2623/17-18/85-86 തീയതി 19/06/2017 |

1-11 വാതിൽപ്പടി രസീത് ബുക്കുകളുടെ ഉപയോഗം - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ PGT/GST/INV-325/2022-23/21.05.2022 നം. ഇൻവോയ്സ് പ്രകാരം, വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള, വാതിൽപ്പടി രസീത് ബുക്കുകൾ '10' എണ്ണം സ്ഥാപനത്തിൽ ലഭ്യമായിട്ടുണ്ട് (രസീത് ബുക്ക് നം. 1276, 1277, 1278, 1279, 1280, 1291, 1292, 1293, 1294, 1295). എന്നാൽ, ടി രസീത് ബുക്കുകളുടെ നമ്പറുകൾ ഉൾപ്പെടുത്തി, 'ലഭിച്ചത് - വിതരണം ചെയ്തത് - ശേഷിക്കുന്നത്'' എന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതായി വ്യക്തമായിട്ടില്ല. വാതിൽപ്പടി രസീത് ബുക്കുകൾ ഒഴികെയുള്ള, മാനുവൽ രസീത് ബുക്കുകൾ മാത്രമാണ് നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രസീത് ബുക്കുകളുടെ നമ്പറുകൾ ഉൾപ്പെടുത്തി, 'ലഭിച്ചത് - വിതരണം ചെയ്തത് - ശേഷിക്കുന്നത്'' എന്ന രീതിയിൽ രേഖപ്പെടുത്തൽ വരുത്തി, വാതിൽപ്പടി രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും, ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അധികൃതമാക്കേണ്ടതുമാണ്.

1-12 വസ്തു നികുതി നിർണ്ണയം- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 6 പ്രകാരം 250 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ളതും മേൽത്തരം മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ട് തറ നിർമ്മിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. ചുവടെ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് തറ നിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നാണ് സഞ്ചയ ഡേറ്റാബേസിൽ ചേർത്തിരിക്കുന്നത്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചതിൽ പ്രസ്തുത തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട | കെട്ടിട | ഉപയോഗക്രമം/ നിരക്ക് | വിസ്തീർണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | ഉടമയുടെ പേര് | | |
| 5/186 H | പി എം രാമകുറുപ്പ് | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (70രൂപ /ച.മീ) | 197.26 ച.മീ |
| 5/186 G,F | രാധാ പി കുറുപ്പ് | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (70രൂപ /ച.മീ) | 258.92 ച.മീ ( 144.13+ 114.79) |
| 5/298 A,B | ശ്രീജിത്ത് | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (70രൂപ /ച.മീ) | 437.21 ച.മീ ( 199.03+ 238.18) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3//10.03.2023), ഷട്ടർ മുറികളായി വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ ഓരോന്നിനും 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം വരുന്നില്ല എന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുന്നില്ല എന്നാണ് മറുപടി നൽകിയത്. സമാന അപാകത മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിലും സംഭവിച്ചിട്ടുണ്ടാവാമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു .

മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശഭരണ വകുപ്പ്, ഐ.കെ.എം. എന്നീ അതോറിറ്റികളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. സോഫ്റ്റ് വെയർ നടപടികൾ പൂർത്തിയാക്കി മേൽ കെട്ടിടത്തിന്റെ നികുതി കൃത്യമായി ഡേറ്റാബേസിൽ ഉൾപ്പെടുത്തുകയും നികുതി അടവാക്കിയതിന്റെ രേഖകൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-13 പൂർത്തീകരിച്ച ബഹുനില ഹോട്ടലിന്റെ ഉപയോഗിക്കുന്ന ഭാഗങ്ങൾക്ക് മുഴുവനായും വസ്തുനികുതി ചുമത്തിയിട്ടില്ല.

അർക്കാഡിയ-ഫോർട്ട് എന്ന ബഹുനില ഹോട്ടൽ ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്നു. സ്ഥാപനത്തിന്റെ കെട്ടിടം പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെടുന്നുണ്ട് (512 എന്ന നമ്പറിൽ). ഇതിൽ സെല്ലാർ ( 409.23 ച. മീ ) , താഴത്തെ നില (314 ച. മീ) , ഒന്നാം നില ( 385.23 ച. മീ) , രണ്ടാം നില ( 385.23 ച. മീ) , മൂന്നാം നില ( 46.39 ച. മീ) എന്നിങ്ങനെയാണ് . എന്നാൽ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന (Www.arcadiahotels.net) ചിത്രം പരിശോധിച്ചതിൽ നിന്നും മൂന്നാം നിലയ്ക്ക് സഞ്ചയയിൽ സൂചിപ്പിച്ച വിസ്തീർണ്ണത്തേക്കാൾ കൂടുതൽ ആണെന്ന് കാണാം . സഞ്ചയ പ്രകാരം മൂന്നാം നില 46.39 ച. മീ മാത്രമാണ്




.




പഞ്ചായത്തിൽ നിന്നും നമ്പർ ലഭിച്ചതിന് ശേഷം ടി കെട്ടിടത്തിൽ നിർമ്മാണപ്രവർത്തനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (01/09-03-2023) മൂന്നാം നിലയുടെ റൂഫ് 409 ച. മീ ചെയ്യുന്നതിന് പെർമിറ്റ് ലഭിക്കുന്നതിന് 19.09.22 ൽ അപേക്ഷ നൽകിയതായും സ്ഥല പരിശോധന നടത്തിയ എഞ്ചിനീയറിംഗ് വിഭാഗം ചൂണ്ടി കാണിച്ച അപാകതകൾ തൽക്കാലം പരിഹരിക്കാൻ സാധിക്കാത്തതിനാൽ അപേക്ഷ പിന്നീട് പിൻവലിച്ചു എന്നും മറുപടി നൽകി . എന്നാൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തിൻ മേൽ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച കെട്ടിടത്തിൽ പരിശോധന നടത്തി നിയമാനുസൃതമല്ലാതെ ഉപയോഗിക്കുന്ന ഭാഗങ്ങളിൻ മേൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

### 1-14 ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിച്ചില്ല

ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചില്ലായെന്ന് സഞ്ചയ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

1.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ഈപ്പൻ ജോൺ |
| കെട്ടിട നമ്പർ | 5/591 |
| തറവിസ്തീർണ്ണം | 112 ച.മീ. |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ താഴെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 35/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് ( 50/ച.മീറ്റർ) |

2.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | സെക്രട്ടറി, ചമ്പക്കര സർവ്വീസ് സഹകരണ |

| | |
|---|---|
| | ബാങ്ക് ലിമിറ്റഡ് |
| കെട്ടിട നമ്പർ | 10/501 |
| തറവിസ്തീർണ്ണം | 126.48ച.മീറ്റർ |
| ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | രാസവള വിൽപ്പന ശാല |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ (40/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (50/ച.മീറ്റർ) |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-10/13.03.23) 1993ൽ ARV പ്രകാരം നികുതി നിർണ്ണയിച്ചിട്ടുള്ളതും 2013ൽ Plinth Area അടിസ്ഥാനമാക്കി നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതുമായ കെട്ടിടമാണെന്നും അടുത്ത വസ്തു നികുതി പരിഷ്കരണത്തിൽ അപാകത പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ് . കൂടാതെ മേൽ സൂചിത കെട്ടിടങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-15 വസ്തുനികുതിയിനത്തിൽ 1272600 രൂപ കുടിശ്ശിക

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം തുക ലഭ്യമാകാനുണ്ട്.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 359532 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 93314 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 728034 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 91720 |
| ആകെ | | 1272600 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/09.03.2023) കുടിശിക തുക ഈടാക്കാൻ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് മറുപടി നൽകി. നികുതിപിരിവ് ഊർജിതമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-16 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത്

ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ (ഒരു ഷാപ്പിൽ നിന്ന് തൊഴിൽ നികുതി ലഭിച്ചു) റേഷൻ കടകൾ തുടങ്ങിയവയെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല എന്ന് കാണുന്നു. കൂടാതെ ഓഡിറ്റ് വർഷം കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായും കാണുന്നില്ല.

തുടർ വർഷങ്ങളിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടവാക്കിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് .

നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 , 14 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ് .

## 1-17 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2022 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1789 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ കേവലം 480 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് . ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ബാക്കി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്ന് വ്യക്തമാണ്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നതിന് കാരണം പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. കൂടാതെ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദവിവരം ഓഡിറ്റിന് നല്കേണ്ടതുമാണ്.

2. 2021-22 ൽ ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല .

3. പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ, ഷാപ്പുകൾ, അക്ഷയ കേന്ദ്രം, ലോഡ്ജുകൾ, ജിമ്നേഷ്യം, പുകപരിശോധന കേന്ദ്രങ്ങൾ, തുടങ്ങിയവയിൽ നിന്നും 2021-22 വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല .

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമ നം 149, 132, 139 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും കള്ള് ഷാപ്പുകൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

4) ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

2021-22 സാമ്പത്തിക വർഷം 480 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 69 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീ അടവാക്കി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

5) ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായില്ല .

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2021-22 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമയി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. മൂലധന നിക്ഷപം കണക്കാക്കാതെ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സീരിയൽ നമ്പർ | സ്ഥാപനം | മൂലധന നിക്ഷേപം | ഈടാക്കിയ നികുതി |
|---|---|---|---|
| 1 | അർക്കാഡിയ ഫോർട്ട്- ബാർ ഹോട്ടൽ | 100 ലക്ഷം എന്നാണ് കാണിച്ചിട്ടുള്ളത്. അംഗീകരിക്കാവുന്നതല്ല | 5000 |
| 45 | ഹോട്ടൽ മെറീന - റസ്റ്റോറന്റ് -ബിയർ പാർലർ | വ്യക്തമാക്കിയിട്ടില്ല | 500 |
| 190 | ഹോട്ടൽ അലീന- ബിയർ & വൈൻ | വ്യക്തമാക്കിയിട്ടില്ല | 500 |
| 125 | കെ.ടി.ഡി.സി- ബിയർ പാർലർ- റസ്റ്റോറന്റ് | വ്യക്തമാക്കിയിട്ടില്ല | 5000 |
| 204 | കെ.ടി.ഡി.സി- ബിയർ പാർലർ | വ്യക്തമാക്കിയിട്ടില്ല | 5000 |
| 84 | ബിജു കെ.കെ, കാർത്തിക ഭവൻ ടു വിലർ സെയിൽസ് & സർവീസ് | വ്യക്തമാക്കിയിട്ടില്ല | 1000 |
| 224 | ബിജു.കെ.ജോസഫ് ടു വിലർ സെയിൽസ് & സർവീസ് | വ്യക്തമാക്കിയിട്ടില്ല | 1000 |

പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അർക്കാഡിയ ഫോർട്ട്-ബാർ ഹോട്ടൽ എന്ന സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 100 ലക്ഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കറുകച്ചാൽ നഗരത്തിന്റെ പ്രധാന ഭാഗത്ത് സ്ഥിതി ചെയ്യുന്ന ടി സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 100 ലക്ഷം എന്നത് അംഗീകരിക്കാവുന്നതല്ല. കൂടാതെ പരാമർശിച്ചിട്ടുള്ള മറ്റു ബിയർ & വൈൻ പാർലറുകളുടെ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും അപേക്ഷകളിന്മേൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/13.03.23) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ അപാകതകൾ എല്ലാം പരിഹരിച്ച് ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 വാടക-ഭീമമായ തുക സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്നു

കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ വാടക കുടിശ്ശിക ഇനത്തിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും അഞ്ച് ലക്ഷത്തിൽ അധികം രൂപ ലഭിക്കുവാനുണ്ട് . തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രനമ്പർ | സ്ഥാപനം | വാടകക്കാരന്റെ പേര് | 2021-22 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | സബ് രജിസ്റ്റാർ ഓഫീസ് | സബ് രജിസ്റ്റാർ ഓഫീസർ | 55480 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ(pwd) ഓഫീസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18738 |
| 3 | എ.ഇ.ഒ ഓഫീസ് | എ.ഇ.ഒ | 99408 |
| 4 | സബ് ട്രഷറി ഓഫീസ് | സബ് ട്രഷറി ഓഫീസർ | 369260 |
| | ആകെ | | 542886 |

വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി സ്ഥാപനങ്ങളുമായി വാടക സംബന്ധിച്ച കരാറിലേർപ്പെടേണ്ടതുമാണ്.

1-19 തനത് ഫണ്ടിൽ സൂക്ഷിക്കുന്ന ബാരൽ വില സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ സർക്കുലർ നം.59827/എഫ്എം /07/തസ്വഭവ/30.10.07 പ്രകാരം പ്രവൃത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2021-22 വാർഷികകണക്കുകൾ പ്രകാരം Sale Of Empties & Waste Material എന്ന ശീർഷകത്തിൽ 36356/-രൂപ വരവുണ്ട്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡ് വിഹിതം) ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. ടി തുക കൃത്യമായി കണക്കാക്കി അതാത് ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഇ ടെണ്ടർഫീസ് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2017-18 മുതൽ 2021-22 വരെ 120910 രൂപ ടെൻഡർ ഫീയിനത്തിൽ വരവ് വന്നിട്ടുണ്ട്. ടെൻഡർ ഫീ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് കുറുകച്ചാൽ എസ്.ബി.ഐ യിൽ (അക്കൗണ്ട് നം.00000041720083370) ആരംഭിക്കുകയും ലഭിക്കാനുള്ള തുകയുടെ കണക്ക് നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്തിന് തുക ലഭിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 12/13.03.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫീ പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ നാളിതുവരെയുള്ള ഇ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 വാട്ടർചാർജ് -സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 221 സ്ട്രീറ്റ് ടാപ്പുകൾ കണക്കാക്കി ടാപ്പൊന്നിന് വാർഷികവെള്ളക്കരം 5513 രൂപ നിരക്കിൽ 101531 രൂപ വീതമാണ് പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടച്ചുവരുന്നത്. ഓഡിറ്റ് വർഷം വെള്ളക്കരമിനത്തിൽ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) നിന്ന് 203062/- രൂപയും തനത് ഫണ്ടിൽ നിന്ന് 1015310 രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

നിലവിൽ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.16/14.03.23) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് 6 വാർഡുകളിൽ സംയുക്ത പരിശോധന നടത്തിയിരുന്നെന്നും എന്നാൽ സാങ്കേതിക കാരണങ്ങളാൽ മറ്റ് വാർഡുകളിൽ പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ലെന്നും അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-22 സാമൂഹ്യ സുരക്ഷാ പെൻഷൻ- സർക്കാർ നിർദേശം പാലിച്ചില്ല

02.08.2021 ലെ ധനകാര്യ വകുപ്പ് സർക്കുലർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാതു മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം പത്താം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതും ആയതു പരിശോധിച്ച് മരണപ്പെട്ട/അനർഹരായ പെൻഷൻ

ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ് .

കറുകച്ചാൽ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്തു, മറ്റ് തദ്ദേശസ്ഥാപനത്തിൽ നിന്ന് പെൻഷൻ ലഭിക്കുന്നവരുടെ വിവരം പ്രസ്തുത പഞ്ചായത്തിൽ അറിയിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതിവരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ അനുവദിച്ച് നൽകുന്ന പഞ്ചായത്ത് | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക ( 1600/ മാസം) |
|---|---|---|---|---|---|---|---|
| 1 | പി.ഡി. തങ്കപ്പൻ | കർഷക തൊഴിലാളി പെൻഷൻ | 105640100216 | 11.07.22 | നെടുംകുന്നം ഗ്രാമ പഞ്ചായത്ത് | 08/2022 മുതൽ 12/22 വരെ | 8000 |
| 2 | ഏലിയാമ്മ ഫിലിപ്പോസ് | വാർദ്ധക്യ കാല പെൻഷൻ | 105650201356 | 23.05.22 | വെള്ളാവൂർ ഗ്രാമ പഞ്ചായത്ത് | 06/2022 മുതൽ 12/22 വരെ | 11200 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 11/13.03.23) മേൽ പെൻഷണർമാരുടെ മരണ വിവരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. ഇത് സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വിവരം അറിയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കാൻ കർശനമായി ശ്രദ്ധിക്കേണ്ടതുമാണ്.

### 1-23 മിനി-സിവിൽസ്റ്റേഷൻ കോംമ്പൗണ്ടിലെ പഞ്ചായത്ത് കെട്ടിടത്തിൽ ഒന്നാംനില നിർമ്മാണം - കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 133/22മിനിസിവിൽസ്റ്റേഷൻ കോംമ്പൗണ്ടിലെ പഞ്ചായത്ത് വകകെട്ടിടത്തിൽ ഒന്നാംനില നിർമ്മാണം |
| അടങ്കൽ | 1955296/-(തനത് ഫണ്ട്) |
| ചെലവ് | 1932396/-<br>ചെക്ക് നം 4610434/30.9.21 |
| കരാറുകാരൻ | സന്തോഷ് കുമാർ |
| കരാർ നം | 115/AE/LSGD/KCHL/29-01-20 |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി സിവിൽസ്റ്റേഷൻ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ട്രഷറികെട്ടിടത്തിന്റെ മുകളിലായി കെട്ടിടം നിർമ്മിക്കുന്നതിന് അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ടിൽ 20-21 വർഷം കോളം നിർമ്മാണം മാത്രം പൂർത്തിയാക്കി ആദ്യ പാർട്ട് ബില്ലായി 244704/- രൂപ കരാറുകാരന് നൽകിയിരുന്നു. 21-22 വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടരുകയും സ്ട്രക്ച്ചർ വർക്ക് പൂർത്തിയാക്കുകയും 1932396 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 22-23 വർഷം കെട്ടിടത്തിന്റെ പ്ളാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവയ്ക്കായി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും കെട്ടിടം പ്രവർത്തനക്ഷമമാക്കണമെങ്കിൽ

ഇലക്ട്രിഫിക്കേഷൻ, ടൈൽ സ്ഥാപിക്കൽ, പ്ലംമ്പിംഗ് എന്നീ പ്രവൃത്തികൾ കൂടി നടപ്പിലാക്കേണ്ടതായുണ്ട്. കെട്ടിടനിർമ്മാണ പൂർത്തീകരണം ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 1932396/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ഹരിത കർമ്മസേന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പരിശീലനം നൽകിയത് - വിശദാംശങ്ങൾ ലഭ്യമല്ല

കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ മാർഗ നിർദ്ദേശം നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കഴിഞ്ഞ വർഷം എഗ്രിമെന്റ് വച്ചിരുന്നത് ഐ.ആർ.റ്റി.സി, മുണ്ടൂർ, പാലക്കാട് എന്ന ഹരിത സഹായ സ്ഥാപനവുമായാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നുള്ള സേവനം ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ചെയ്തില്ല എന്ന കാഴ്ചപ്പാടിനെത്തുടർന്ന് ടി സ്ഥാപനവുമായി ഈ വർഷം എഗ്രിമെന്റ് വച്ചിരുന്നില്ല. 2021 ഏപ്രിൽ മാസം മുതൽ ഐ.ആർ.റ്റി.സിയുടെ മെച്ചപ്പെട്ട സഹകരണം ഹരിത കർമ്മ സേനയ്ക്ക് ലഭിച്ചിരുന്നില്ല. ഒക്ടോബർ മാസത്തിനുശേഷം ഹരിത കർമ്മ സേനയുടെ പ്രവർത്തനം വളരെയധികം പിന്നോട്ട് പോവുകയും വാതിൽ പടി സേവനത്തിലും യൂസർ ഫീ കളക്ഷനിലും ഗണ്യമായ കുറവ് സംഭവിക്കുകയും ചെയ്തു. ആ വിഷയം ഗ്രാമപഞ്ചായത്ത് കമ്മറ്റി ഗൗരവമായി ചർച്ച ചെയ്തു വാഴൂർ ബ്ലോക്കിലെയും മാടപ്പള്ളി ബ്ലോക്കിലെയും മിക്ക ഗ്രാമപഞ്ചായത്തുകളിലും വളരെ നന്നായി പ്രവർത്തിക്കുന്നതും യൂസർഫീ കളക്ഷനിൽ മികച്ച നേട്ടം കൈവരിക്കാനും ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതന വർദ്ധനയ്ക്ക് ഉതകുന്ന രീതിയിൽ സഹായിക്കുന്നതും ആയ സോഷ്യോ എക്കണോമിക് യുണിറ്റിന്റെ സേവനം ഉണ്ടെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം വളരെയധികം പുരോഗതി കൈവരിക്കാൻ സഹായിക്കും എന്ന് കമ്മിറ്റി വിലയിരുത്തി. ആയതിൻ പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയ്ക്ക് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഹരിത സഹായ സ്ഥാപനമായി തെരെഞ്ഞെടുക്കുന്നതിനും ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനമാനിച്ചതായി കമ്മിറ്റി മിനിറ്റ്സും അനുബന്ധഫയലും പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി കരാറിൽ ഏർപ്പെട്ടതിന്റെയും തുടർനടപടികളുടെയും വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(14-13.03.2023) പരിശീലനം നൽകിയതിന്റെയും കരാർ നടപടിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. എന്നാൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പരിശീലനം നൽകിയതിനാൽ ഓഡിറ്റ് വർഷം അവസാനം മുതൽ യൂസർഫീ കളക്ഷൻ വർദ്ധിച്ചു എന്നു മറുപടി നൽകിയിട്ടുണ്ട്. അനുബന്ധ ഫയൽ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-25 നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി പെതുമാർക്കറ്റ് നവീകരണം തുടർനടപടികളിൽ കാലതാമസം

നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി വാഴൂർ ബ്ലോക്കിലെ കറുകച്ചാൽ പഞ്ചായത്തിലെ പൊതു മാർക്കറ്റ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരവും തീരുമാനവും ആവശ്യമാണെന്ന വാഴൂർ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ കത്തും വാഴൂർ എൽ.എസ്.ജി.ഡി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 30/10/2021-ലെ കത്തും കമ്മിറ്റി ചർച്ച ചെയ്തിരുന്നു. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് പ്രകാരം മാർക്കറ്റിലെ ഏതാനും കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ടെന്നും ആയതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരവും തീരുമാനവും അവശ്യമാണെന്നും അംഗീകൃത ഏജൻസിവഴി തയ്യാറാക്കിയ Soil Test, Plan, Structural Drawing എന്നിവ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തി സംരക്ഷിച്ചുപോരുന്ന കെട്ടിടമായതിനാൽ നിലവിൽ ടി കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ആവശ്യമാണെന്ന് സെക്രട്ടറി അറിയിച്ചിരുന്നു. കെട്ടിടത്തിന്റെ കാലപ്പഴക്കം, ഫിറ്റ്നസ്, കെട്ടിടം സംരക്ഷിക്കുന്നതിന് കാലാകാലങ്ങളിൽ വകയിരുത്തിയ തുക, ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് കറുകച്ചാൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ ലീവിൽ പ്രവേശിച്ചിരുന്നതിനാൽ എഞ്ചിനീയറുടെ റിപ്പോർട്ട് സമയ ബന്ധിതമായി ലഭിച്ചില്ല. ആയതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന് ചാർജ്ജ് ഏറ്റെടുത്ത നെടുകുന്നം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിനു തീരുമാനിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമായതിന്റെയും തുടർനടപടികളുടെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/14.03.2023) തുടർ നടപടികൾ ആയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത് . നബാർഡ് നിർദ്ദേശപ്രകാരം പൊതു മാർക്കറ്റ് നവീകരണത്തിനുള്ള നടപടികൾ താമസം വിനാ സ്വീകരിക്കേണ്ടതാണ്.

## 1-26 കുന്നപ്പള്ളി കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല

| | | |
|---|---|---|
| പ്രൊജക്റ്റ് നം &പേര് | 157/22 കുന്നപ്പള്ളി കുടിവെള്ള പദ്ധതി | 170/22 കുന്നപ്പള്ളി കുടിവെള്ള പദ്ധതി--കുളം നവീകരണം വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | 700000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) | 450000(ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |
| ചെലവ് | 479410/-<br>Bill No 410/30.3.22 | 447919/-<br>Bill No 384/26.3.22 |
| കരാറുകാരൻ | പ്രീത് മാത്യു | പ്രീത് മാത്യു |
| കരാർ നം | 112/AE/LSGD/KCHL /29.1.20 | 76/AE/LSGD/KCHL/11.1.21 |

2018-19 വർഷം ആസൂത്രണം ചെയ്ത കുന്നപ്പള്ളി കുടിവെള്ള പദ്ധതി എന്ന പ്രോജക്റ്റ് പ്രകാരം 20-21 വർഷം വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചിരുന്നു. തൻ വർഷം പ്രോജക്റ്റ് നം.157/22 പ്രകാരം പമ്പ് ഹൗസ് നിർമ്മാണം, പമ്പിംഗ് മെയിൻ, വിതരണ പൈപ്പ് ലൈൻ എന്നിവയും പ്രോജക്റ്റ് നം.170/22 പ്രകാരം കുളത്തിന് റൂഫിംഗ് പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി നടപ്പിലാക്കിയാൽ മാത്രമേ പദ്ധതി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളു. 22-23 വർഷം കിണർ നിർമ്മാണത്തിന് ബ്ളോക്ക് പഞ്ചായത്ത് പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും നടപ്പായില്ല പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 927329/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻചെയ്ത് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ജൽ ജീവൻ മിഷൻ -തുടർപ്രവർത്തനം സംബന്ധിച്ച്

ജൽ ജീവൻ മിഷൻ - നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല പദ്ധതിയുടെ ഭാഗമായി 12 ദശ ലക്ഷം ഉൽപാദനശേഷിയുള്ള ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം നെടുംകുന്നം പഞ്ചായത്തിൽ നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ 3 പഞ്ചായത്തുകളും സംയുക്തമായി ഏറ്റെടുത്ത് കേരള ജല അതോറിറ്റിക്ക് കൈമാറുന്നതിന്

എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റി കോട്ടയം സമർപ്പിച്ച കത്ത് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി വിശദമായി പരിശോധിക്കകയും നെടുംകുന്നം പഞ്ചായത്തിൽ നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ എന്നീ 3 പഞ്ചായത്തുകളും സംയുക്തമായി സ്ഥലം ഏറ്റെടുത്ത് കേരള ജല അതോറിറ്റിക്ക് കൈമാറുന്നതിനായി കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നെടുംകുന്നം ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തുന്ന ടി പ്രോജക്ടിലേക്ക് തുക ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചിരുന്നു. ഓഡിറ്റ് വർഷം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13-14.03.2023) 2022-23-ആയിരുന്നു തുക നിക്ഷേപിച്ചതെന്ന് മറുപടി ലഭ്യമാക്കി. ജൽ ജീവൻ മിഷൻ -തുടർപ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 മത്സ്യകൃഷി - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല

| | | |
|---|---|---|
| പ്രൊജക്ട് നം. പേര് | 184/22 വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 183/22സുഭിക്ഷകേരളം -ബയോഫ്ളോക്ക് മത്സ്യകൃഷി |
| അടങ്കൽ | 98400(തനതുഫണ്ട്) | 110400(തനതുഫണ്ട്) |
| ചെലവ് | 24932 | 71635 |
| ചെക്ക് നം | 2282721/06.01.2022 | 2282720/06.01.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

മേൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി 2021-22 വർഷം 2 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ, സ .ഉ. (സാധാ )നം . 1009/2020/ത സ്വ ഭ വ / തീയതി : 29.05.2020, സർക്കുലർ നമ്പർ -ആർ സി .3/293/2020/ ത സ്വ ഭ വ / തീയതി : 12.10.2020] ഖണ്ഡിക - 8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ്. ടി പദ്ധതിയിലെ ഗുണഭോക്താക്കൾ നടത്തിയ മത്സ്യകൃഷി ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/10.03.2023) സർക്കാരിൽ നിന്നും നിർദ്ദേശം ലഭിയ്ക്കുന്ന മുറക്ക് മത്സ്യകൃഷി ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 017/22 |
| അടങ്കൽ | 600,000 |
| ചെലവ് | 300000 (വികസനഫണ്ട്) |
| ബിൽ നമ്പർ | 15/2021-22/19.02.22 |

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 4 മുതൽ 6 മാസം വരെ പ്രായമായ കിടാരികൾക്ക് ഒന്നര വയസ്സുവരെ ആവശ്യമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നല്കുന്നതിന് വേണ്ടിയുള്ളതാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് മേൽ ബിൽ പ്രകാരം നൽകിയിട്ടുള്ള 300000 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധിയ്ക്ക് ശേഷം ചെലവഴിച്ച 300000 രൂപയുടെ വിനിയോഗ

വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-30 ലൈഫ്- ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം വരെ ലൈഫ്ഭവന പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഇതുവരെ നൽകിയ തുക | നിർമ്മാണ ഘട്ടം | നിർമ്മാണം തുടങ്ങിയ വർഷം |
|---|---|---|---|---|
| 1 | ശാന്തമ്മ , | 360000 | റൂഫ് | 2018-19 |
| 2 | രതി രാജു /രാജു | 300000 | ലിന്റൽ | 2019-20 |
| 3 | രഞ്ജിത്ത് കുമാർ ആർ | 300000 | ലിന്റൽ | 2020-21 |
| 4 | ജിനു പി ഓമനക്കുട്ടൻ | 350000 | റൂഫ് | 2021-22 |
| 5 | പി കെ ഗോപാലൻ | 40000 | ഇതു വരെ ആരംഭിച്ചിട്ടില്ല | 2021-22 |
| 6 | വിജയമ്മ ശിവൻകുട്ടി | 300000 | ലിന്റൽ | 2021-22 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 സി.എഫ് .എൽ .റ്റി.സി/ഡി.സി.സി -നടത്തിപ്പ്

കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ സ.ഉ (സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം കറുകച്ചാൽ മാർത്തോമ റസിഡൻഷ്യൽ സെമിനാരി വക കെട്ടിടത്തിൽ ഡിസിസി പ്രവർത്തിച്ചിരുന്നു.

ഡിസിസി നടത്തിപ്പിനായി 1008861 രൂപ 2021-22 വർഷം ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. കൂടാതെ പ്രോജക്ട് (116/22) പ്രകാരം 446651 രൂപ തനതു ഫണ്ടിൽ നിന്നും 596901 രൂപ റോഡിതരഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. 200000 രൂപ 29.04.2021 ലെ ഡി.എം. 1 /61822 /2020നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ട്രാൻസ്പോർട്ടേഷൻ | 139030 |
| സ്റ്റേഷനറി (മെഡിക്കൽ ഉൾപ്പെടെ) | 79380 |
| ക്ലീനിംഗ് & റിപ്പയർ | 392000 |
| ഭക്ഷണം | 209223 |
| വൈദ്യുതി ചാർജ്ജ് | 83750 |
| ആകെ | 903383 |

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ട് 18/08/21 ൽ തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാട് നടത്തിയിരുന്നില്ല. 2021-22 വർഷം സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

1-32 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക/ബിൽ നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചമ്പക്കര മൃഗാശുപത്രി കുഴൽക്കിണറിന് മോട്ടോർ സ്ഥാപിക്കൽ | 107/22 | 100000 249/16.02.2022 | 0 | 100000 |
| ആകെ | | | 100000 | 0 | 100000 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക | 191/22 | 50000 ചെ.നം. 2282707/27.11.21 | 0 | 50000 |
| | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 257/22 | 25675 (311/16.03.22) | 0 | 25675 |
| | തട്ടാരടി വെട്ടിക്കാവുങ്കൽ റോഡിലെ പോസ്റ്റ് മാറ്റൽ | 215/22 | 23553 (15640 ബി. നം. 236/14.02.21), 7913/- ചെ.നം. 2282727/16.02.22) | 0 | 23553 |
| | എൻഎൻഎസ്-ലയെ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 189/22 | 126094 (77/09.11.21) | 0 | 126094 |
| ആകെ | | | 225322 | 0 | 225322 |
| കേരള വാട്ടർ അതോറിറ്റി | തൊമ്മച്ചേരി നരിക്കുഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 214/22 | 200000 (385/27.03.22) | 0 | 200000 |
| | കഴന്നുകുഴി പ്ലാച്ചിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 217/22 | 200000 (467/31.03.22) | 0 | 200000 |
| | താന്നിക്കുന്നേൽ നടപ്പാത – | 152/22 | 90000 (83504/- ബി. നം. | 0 | 90000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ സ്ഥാപിക്കൽ | | 344/19.03.22, 6496/-316 /18.03.23) | | |
| | കുത്തപ്പള്ളി-പാലമറ്റം റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാർഡ്-13,14 | 121/22 | 350000 (268/23.02.22) | 0 | 350000 |
| | കുറുപ്പംകവല -തൈപ്പറമ്പ് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാർഡ്-2,3,4 | 122/22 | 155000 (347/19.03.22) | 0 | 155000 |
| ആകെ | | | 995000 | 0 | 995000 |
| PWD | ചമ്പക്കര കുടിവെള്ള പദ്ധതിക്കായി PWD റോഡ് കട്ട് ചെയ്യുന്നതിന് അടവാക്കേണ്ട തുക | 192/22 | 105420 (94/27.11.22) | 0 | 105420 |
| ആകെ | | | 105420 | 0 | 105420 |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ടി പ്രോജക്ടിനായി ഓഡിറ്റ് വർഷം ചെലവഴിച്ച 1425742 രൂപ (100000+225322++995000+105420) തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ

പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 2021-22 | 300000 | ലൈഫ് ഭവന പദ്ധതി ജനറൽ(95/22) | 300000 | 0 |
| | | 133506 | അംഗനവാടി അനുപൂരക പോഷകാഹാര വിതരണം(1/22) | 133506 | 0 |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (185/22-SO) | 250000 | 0 |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (83/22) | 250000 | 0 |
| | | 100000 | ഫലവൃക്ഷ തൈകളുടെ വിതരണം( 153/22-(SO) | 100000 | 0 |
| ആകെ | | 1033506 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1033506 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2021-22 | 65000 | കിഴങ്ങ് വിള വർഗങ്ങളുടെ വിതരണം (154/22) | 65000 | 0 |
| | | 376956 | ലൈഫ് ഭവന പദ്ധതി പട്ടികജാതി(91/22) | 376956 | 0 |
| | | 200000 | ലൈഫ് ഭവന പദ്ധതി ജനറൽ(95/22) | 200000 | 0 |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (2/22) | 500000 | 0 |
| | | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (83/22) | 150000 | 0 |
| ആകെ | | 1291956 | ജില്ലാ പഞ്ചായത്ത് വിഹിതം | 1291956 | 0 |

കൃഷിഓഫീസർ നിർവ്വഹണം നടത്തിയ 'ഫലവൃക്ഷ തൈകളുടെ വിതരണം' ( 153/22-(SO) പ്രോജക്ടിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് വിവരം (1 ലക്ഷം രൂപ) ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചമ്പക്കര മൃഗാശുപത്രി കുഴൽക്കിണറിന് മോട്ടോർ സ്ഥാപിക്കൽ | 107/22 | 100000 | | 100000 |
| ആകെ | | | 100000 | | 100000 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക | 191/22 | 50000 | | 50000 |
| | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 257/22 | 25675 | | 25675 |
| | തട്ടാരടി വെട്ടിക്കാവുങ്കൽ റോഡിലെ പോസ്റ്റ് മാറ്റൽ | 215/22 | 23553 | | 23553 |
| | എൻഎൻഎസ്-ലയെ റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 189/22 | 126094 | | 126094 |
| ആകെ | | | 225322 | | 225322 |
| കേരള വാട്ടർ അതോറിറ്റി | തൊമ്മച്ചേരി നരിക്കുഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 214/22 | 200000 | | 200000 |
| | കഴന്നുകുഴി പ്ലാച്ചിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 217/22 | 200000 | | 200000 |
| | താന്നിക്കുന്നേൽ നടപ്പാത - പൈപ്പ് ലൈൻ സ്ഥാപിക്കൽ | 152/22 | 90000 | | 90000 |
| | കുത്രപ്പള്ളി-പാലമറ്റം റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാർഡ്-13,14 | 121/22 | 350000 | | 350000 |
| | കുറുപ്പുംകവല -തൈപ്പറമ്പ് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ -വാർഡ്-2,3,4 | 122/22 | 155000 | | 155000 |
| ആകെ | | | 995000 | | 995000 |

| | | | | | |
|---|---|---|---|---|---|
| PWD | ചമ്പക്കര കുടിവെള്ള പദ്ധതിയ്ക്കായി PWD റോഡ് കട്ട് ചെയ്യുന്നതിന് അടവാക്കേണ്ട തുക | 192/22 | 105420 | | 105420 |
| ആകെ | | | 105420 | | 105420 |

കെ എസ് ഇ ബി , കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകയുടെ പൂർണ്ണമായ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല . അതായത് കെ എസ് ഇ ബി, വാട്ടർ അതോറിറ്റി എന്നിവയിൽ യഥാക്രമം 126094 രൂപ , 90000 രൂപ വീതം നിക്ഷേപിച്ചതിന്റെ വിവരം മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നത് . കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയുടെ വിവരവും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC LOAN ലൈഫ് ഭവന പദ്ധതി | ജിഒ(എംഎസ്) 68/2018 തസ്വഭവ തീ18-5-2018 | 9382941 | 0 | 1408000 | - | 7974941 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 48958/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം.& തീയതി |
|---|---|---|---|---|
| 2020-21 | 1-16-1 | 30740 | യോഹന്നാൻ വർഗ്ഗീസ് | 121020500055/14.01.22 |

| | | | | |
|---|---|---|---|---|
| 2000-01,2001-02 | 20,21 | 7500 | ബിജി തോമസ്, കൃഷി ഓഫീസർ | 121020104262/14.01.22 |
| 2017-18 | 2.1.4 | 900 | മാനേജർ , കല്ല്യാൺ ജ്യൂവലറി | 121020104506/31.01.22 |
| 2014-15 | 2.4.2 | 2500 | ശാരദ വിദ്യ മന്ദിർ | 121020105083/02.03.22 |
| 2014-15 | 2.5 | 6480 | ശാരദ വിദ്യ മന്ദിർ | 121020105084/02.03.22 |
| 2015-16 | 2-3 | 600 | ശ്രീകണ്ഠൻ നായർ | 121020105876/22.03.22 |
| ലഭ്യമല്ല | 2-3 | 238 | ആന്റണി ജോസഫ് | 121020104445/25.01.22 |
| ആകെ | | 48958 | | |

ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാന്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1997-98 | 12(A,B) | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ” |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-3-1 , 2-3-2 | 2016-17 | (അനുബന്ധം-3) | വസ്തു നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| 2014-15 | 2-4-1 , 2-4-2,2-4-3 | 2016-17 | (അനുബന്ധം-4) | തൊഴിൽ നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| 2015-16 | 2-3,2-4,2-5, 2-6,2-7 | 2016-17 | (അനുബന്ധം-5) | തൊഴിൽ നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : 97685344.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 74133340 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4855467 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1932396 | ശ്രീമതി രശ്മി എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 927329 | ശ്രീമതി അമിതാമോൾ പി, . അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 300000 | ഡോ. സുജ എം. ചാക്കോ, വെറ്ററിനറി സർജൻ |
| 1-32 | 1425742 | ശ്രീമതി ബീമ എം, സെക്രട്ടറി |
| ആകെ | 4585467 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെഎസ്എ.കെടിഎം.പി5/56/2019(2) 03.09.19 | 1 |
| 2000-01 | കെഎസ്എ.കെടിഎം.പി5/56/2019(3) 03.09.19 | 1 |
| 2002-03 (ചെലവ്) | കെഎസ്എ.കെടിഎം.പി5/1480/2016(5)/ 04.12.17 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(3)/22, 27.08.2022 | 2 |
| 2012-13 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(5)/22, 27.08.2022 | 1 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(7)/22, 27.08.2022 | 2 |
| 2015-16 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(9)/22, 27.08.2022 | 6 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/156 /22/02.02.22 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം-പി5(അദാ2022)1872(10)/22, 27.08.2022 | 7 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/170/2022 ,07-04-22 | 13 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/2024/2022 ,26-10-22 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/793/2022 ,22-07-22 | 25 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്